# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2075 — 11.06.2018-ൽ മറുപടിക്ക്

### ശ്രീജിത്തിനെ കോടതിയിൽ ഹാജരാക്കുവാൻ അനുമതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. വി.എസ്. ശിവകുമാർ<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ. അനൂപ് ജേക്കബ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) വരാപ്പുഴയിൽ ആളുമാറി പോലീസ് കസ്റ്റഡിയിലെടുത്ത ശേഷം കൊല്ലപ്പെട്ട ശ്രീജിത്തിനെ ഇക്കഴിഞ്ഞ ഏപ്രിൽ 7-ാം തീയതി പറവൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേട്ട് കോടതിയിൽ ഹാജരാക്കുവാൻ പോലീസ് അനുമതി തേടിയിരുന്നോ; | (എ) ആളുമാറിയാണ് ശ്രീജിത്തിനെ കസ്റ്റഡിയിലെടുത്തതെന്ന് നാളിതുവരെയുള്ള അന്വേഷണത്തിൽ വെളിവായിട്ടില്ല. |
| (ബി) അനുമതി തേടിയിട്ടും മജിസ്ട്രേട്ട് അനുമതി നൽകിയില്ലായെന്ന് എറണാകുളം റൂറൽ പോലീസ് മേധാവിയായിരുന്ന ശ്രീ. എ. വി. ജോർജ് എറണാകുളം ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ടിന് പരാതി നൽകിയിരുന്നോ; എങ്കിൽ എന്നാണ് പരാതി നൽകിയതെന്ന് വിശദമാക്കാമോ? | (ബി) അനുമതി തേടിയിട്ടും മജിസ്ട്രേറ്റ് അനുമതി നൽകിയില്ലായെന്നു കാണിച്ച് വരാപ്പുഴ എസ്.എച്ച്.ഒ. ദീപക് ജി.എസ്., 11.04.2018 തീയതി ഉചിത മാർഗ്ഗേന സമർപ്പിച്ച പരാതി ജില്ലാ പോലീസ് മേധാവി 16.04.2018-ൽ തുടർ നടപടിക്കായി എറണാകുളം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന് നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ